I ഇ.ബി. XV- കേരള നിയമസഭ/V-11

# പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2022 ജൂലൈ 15, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

( സഭാനടപടികൾ ആരംഭിച്ചയുടൻ പ്രതിപക്ഷാംഗങ്ങൾ ബാനറും പ്ലക്കാർഡുകളുമുയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് പ്രതിഷേധിക്കുകയും ശ്രീമതി കെ. കെ. രമയെക്കുറിച്ച് ശ്രീ. എം. എം. മണി 14-07-2022-ന് സഭയിൽ നടത്തിയ പരാമർശം പിൻവലിച്ച് മാപ്പ് പറയണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും ബഹു. സ്പീക്കർ മുൻകാലങ്ങളിൽ സഭയിലുണ്ടായിട്ടുള്ള സമാന സംഭവങ്ങൾ ചൂണ്ടിക്കാണിച്ചശേഷം ചോദ്യോത്തരവേളയിലേയ്ക്ക് കടക്കുകയും ചെയ്തു. തുടർന്ന് പ്രതിപക്ഷാംഗങ്ങൾ ബാനറും പ്ലക്കാർഡുകളുമുയർത്തി സ്പീക്കറുടെ ഡയസിനുമുന്നിൽ വന്ന് മുദ്രാവാക്യം വിളിച്ച് ചോദ്യോത്തരവേള തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

32(*301) <u>ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരണം</u>

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) നൽകിയ മറുപടിയിൽ, കേന്ദ്ര, സംസ്ഥാന പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു വാർഷിക പദ്ധതികളും യഥാസമയം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ രൂപീകരണം സഹായകമാകുമെന്ന് സഭയെ അറിയിച്ചു. അഞ്ച് വകുപ്പുകളുടെ ജില്ലാ ഘടകങ്ങൾ ഏകോപിപ്പിച്ച് ചുമതലകളും ഉത്തരവാദിത്വങ്ങളും പുനർക്രമീകരിക്കുന്നതു വഴി ആവർത്തനപ്രവർത്തനങ്ങളും പാഴ്ശ്രമങ്ങളും വികസനവിടവുകളും ഒഴിവാക്കാനും പദ്ധതി ആസൂത്രണത്തിൽ പ്ലാനിംഗ്/എഞ്ചിനീയറിംഗ് വിഭാഗങ്ങളുടെ സംയുക്ത പിന്തുണ ഉറപ്പുവരുത്താനും കഴിയും. ജീവനക്കാരെ പുനർവിന്യസിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാനവശേഷിക്കുറവ് പരിഹരിക്കുന്നതിനും വികസന-ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മോണിറ്റർ ചെയ്യുന്നതിനും സേവനങ്ങൾ വേഗതയിലും കാര്യക്ഷമമായും ലഭ്യമാക്കുന്നതിനും കഴിയുമെന്ന് മന്ത്രി വ്യക്തമാക്കി.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ9.10-ന് ചോദ്യോത്തരവേളയുടെ തുടർന്നുള്ള ഭാഗം റദ്ദ് ചെയ്തു. )